**ST.MARY'S U.P. SCHOOL KOLLIMALA**

**ആമുഖം**

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമ പഞ്ചായത്ത് പരിധിയിലാണ് സെൻ്റ് മേരീസ് യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച മാതൃക നൽകി വരുന്ന സ്കൂളിൻ്റെ ഗോൾഡൻ ജൂബിലി വർഷമാണിത്. കുട്ടികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പരിധികൾ മറികടക്കാനുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു. സംസ്ഥാന ദേശീയ തലത്തിലുള്ള വിവിധ തരം സ്കോളർഷിപ്പുകൾക്കുവേണ്ടിയും വ്യക്തിഗത പരിശീലനങ്ങൾ നൽകി വരുന്നു

**JUNE**

1.**ലഹരി നിർമ്മാർജനം**

വർധിച്ചു വരുന്ന ലഹരി ഉപയോഗവും അതിൻ്റെ ഭൂഷ്യഫലങ്ങളെയും പറ്റി കുട്ടികളെ ബോധവാന്മാരാക്കാൻ ബോധവൽക്കരണ സെമിനാർ നടത്തുന്നു. Guest : Excise inspector Adimali . ക്ലാസ് അടിസ്ഥാനത്തിൽ ലഹരിവിരുദ്ധ പോസ്റ്റർ നിർമ്മാണം റാലി എന്നിവ സംഘടിപ്പിക്കുന്നു

2. **സമൂഹമാധ്യമങ്ങളും സൈബർ കുറ്റകൃത്യങ്ങളും**

മൊബൈൽ, സൂഹമാധ്യമങ്ങൾ എന്നിവയുടെ അമിതസ്വാധീനം കുട്ടികളിൽ നിന്നും പരിമിതപ്പെടുത്തുന്നതിനായി സൈബർ കുറ്റകൃത്യങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുന്നു. Guest : CI Adimali

3.**വായനാദിനം**

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും അറിവ് വർധിപ്പിക്കുന്നതിനുമായി സ്കൂളിൽ വായനാവാരം ആചരിക്കുന്നു. ക്ലാസ് തലത്തിൽ പുസ്തകങ്ങൾ വിതരണം ചെയ്യുകയും വായനാക്കുറിപ്പ് എഴുതുന്നത് പ്രോ ബാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ പ്രഖ്യാപിക്കുകയും ചെയ്യുന്നു.

## JULY

### 1. ഭാഷാപഠനം

### മലയാളം

കുട്ടികളിൽ മാതൃഭാഷാപഠനം മികവുറ്റതാക്കാൻ തികൾ, ബുധൻ ദിവസങ്ങളിൽ മാതൃഭാഷാപഠനത്തിന് പ്രത്യേക സമയം കണ്ടെത്തുന്നു. ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അധ്യാപകർ കണ്ടെത്തി അവരുടെ ശേഷികൾക്കനുസൃതമായ പരിശീലനങ്ങൾ നൽകുന്നു. അക്ഷരങ്ങൾ മുതൽ കുട്ടികൾക്ക് പഠിപ്പിച്ചു നൽകുന്നു. ഒപ്പം സമപ്രായക്കാർ തമ്മിലുള്ള ഉൾച്ചേർന്നുള്ള പഠനത്തിനും അവസരങ്ങൾ നൽകുന്നു

### ഇംഗ്ലീഷ്

മാതൃഭാഷക്കൊപ്പം പ്രാധാന്യമർഹിക്കുന്ന ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്. അതിനാൽ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഇംഗ്ലീഷ് ഭാഷയിലെ ഗ്രാമ്മർ , കമ്മ്യൂണിക്കേഷൻ റീഡിങ്, റൈറ്റിങ് തുടങ്ങിയവയ്ക്കായി പ്രത്യേക പരിശീലനങ്ങൾ നൽകുന്നു.

### ഗണിതം

ഗണിതക്രിയകൾ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ അധ്യാപകർ കണ്ടെത്തി വ്യക്തിപരമായ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ വെള്ളിയാഴ്ചകളിൽ നൽകുന്നു. ക്ലാസ്റൂമിൽ നൽകുന്ന പ്രവർത്തനങ്ങളുടെ മാതൃകയനുസരിച്ചുള്ള ഗൃഹപാഠങ്ങളും നൽകി തിങ്കളാഴ്ച ദിവസങ്ങളിൽ മൂല്യനിർണയം നടത്തുന്നു

### 2. ക്ലബ്ബുകളുടെ ഉദ്ഘാടനം

സ്കൂളിലെ വിവിധ പഠന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ശാസ്ത്രം, ഗണിതം ,പരിസ്ഥിതി, സോഷ്യൽ സയൻസ് തുടങ്ങിയ ക്ലബ്ബുകൾ രൂപീകരിക്കുന്നു. ക്ലബ്ബ് തലയോഗങ്ങൾ

വിളിച്ചുകൂട്ടി ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചുമതലയ്ക്കായി അധ്യാപകരെ നിയോഗിക്കുകയും ചെയ്യുന്നു.

### 3. വിദ്യാരംഗം കലാസാഹിത്യവേദി

പഠന പ്രവർത്തനങ്ങൾക്കൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്ന സാഹിത്യ കലാമത്സരങ്ങളിലുള്ള കുട്ടികളുടെ താൽപര്യം ജീവസ്സുറ്റതാക്കുന്നതിനുമായി വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരിക്കുന്നു. ചുമതലയ്ക്കായി അധ്യാപകരെ നിയോഗിക്കുന്നു.

### 4. ചാന്ദ്രദിനാഘോഷം

ബഹിരാകാശ ഗവേഷണ രംഗത്ത് കുട്ടികളിൽ താൽപര്യമുളവാക്കുന്നതിനായി ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നു. മുൻകൂട്ടി അറിയിച്ചതിനു ശേഷമുള്ള ചാന്ദ്രദിന ക്വിസ് നടത്തുന്നു.

### 5. ശുചിത്വ ക്ലബ്ബ്

വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ കുട്ടികളിൽ വളർത്തുന്നതനായി ശുചിത്വ ക്ലബ്ബ് രൂപീകരിക്കുന്നു. ക്ലാസ്റൂമും പരിസരവും കുട്ടികൾ തന്നെ വൃത്തിയാക്കുകയും ആഴ്ചകളിൽ മികച്ച ക്ലാസുകൾക്ക് പോത്സാഹനങ്ങൾ നൽകുകയും ചെയ്യുന്നു. ഹരിതക്യാംപസ്, പ്ലാസ്റ്റിക്ക് ഫ്രീ പരിസരം എന്നിവയും ശുചിത്വ ക്ലബ്ബിൻ്റെ ചുമതലകളായി നൽകുന്നു.

### 6. അടുക്കളത്തോട്ടം നിർമ്മാണം

കാർഷിക വൃത്തിയോടുള്ള കുട്ടികളുടെ താൽപര്യം വർധിപ്പിക്കുന്നതിനായി സ്കൂൾ മുറ്റത്ത് പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നു. ഓരോ ക്ലാസിനും സ്ഥലങ്ങൾ വിഭജിച്ചു നൽകുന്നു. ക്ലാസ് ടീച്ചർമ്മാർക്ക് ചുമതല നൽകുന്നു.